ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനെപ്പറ്റി പ്രത്യേകം ചോദിച്ചാൽമാത്രമേ പറയാൻ നിവൃത്തിയുള്ളൂ. വനസംരക്ഷണത്തിനു് ആവശ്യമുള്ളതാണോ, പതിച്ചുകൊടുക്കാവുന്നതാണോ എന്നു പരിശോധിക്കണം.

ശ്രീ. ഈ, പി. ഗോപാലൻ : ഈ ചോദ്യത്തിന്റെ, (എ) വിഭാഗത്തിനു വിവരം ശേഖരിച്ചുവരുന്നു എന്നാണു് മറുപടി പറഞ്ഞതു്. ഇതിനുമുൻപു് കൈയേറപ്പെട്ട വനഭൂമിയുടെ വിസ്തീർണ്ണം പറഞ്ഞിട്ടുള്ളതായും ഓർക്കുന്നു. ഇപ്പോഴും വിവരം ശേഖരിക്കുന്നു എന്നു പറഞ്ഞതു് പുതിയ ചില സ്ഥലങ്ങളിൽ ചില ആക്രമണങ്ങളും നടക്കുന്നുവെന്നു കേൾക്കുന്നതിന്റെ കണക്കെടുക്കാൻ സാധിക്കാത്തതുകൊണ്ടാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മുൻപു് വിവരം നൽകിയിട്ടുള്ളതു് 1960–നു ശേഷം കൈയേറിയ സ്ഥലത്തെ സംബന്ധിച്ചാണു്. ഈ ചോദ്യം ആദ്യം മുതൽ ഇന്നുവരെ മൊത്തം കൈയേറിയ വനഭൂമിയുടെ കണക്കാണു്. അതിന്റെ വിശദമായ കണക്കെടുത്തിട്ടില്ല.

ശ്രീ. കെ. കൃഷ്ണൻ : അട്ടപ്പാടി പ്രദേശത്തു്, മദിരാശി ഗവണ്മെന്റു് സർവ്വേ നടത്തി തിരിച്ചതിൽ, ഈ സംസ്ഥാനത്തിന്റെവക ഫാറസ്റ്റുകൂടി ഉൾപ്പെട്ടിട്ടുണ്ടെന്നാണു കാണുന്നതു്. ഈ സംസ്ഥാനത്തെ ഫോറസ്റ്റ് അധികൃതർ അവിടെ താവളംമുള്ളി എന്നൊരു റോഡു വെട്ടിയതു മദിരാശി ഗവണ്മെന്റിന്റെ ഫാറസ്റ്റിലാണെന്നു പറഞ്ഞു ഗതാഗതതടസ്സം ഉണ്ടാകുത്തക്ക നിലയിൽ അവകാശവാദം ഉന്നയിച്ചിട്ടുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല; ഉടനെ അന്വേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു് : അഖിലേൻഡ്യാ കൃഷി–വന വകുപ്പുകളുടെ മന്ത്രിമാരും, ഉദ്യോഗസ്ഥന്മാരും ചേർന്നുള്ള ഒരു കാൺഫറൻസിൽ, 35 ശതമാനത്തോളം വനഭൂമി സംരക്ഷിക്കണമെന്നു തീരുമാനിച്ചിട്ടുണ്ടു്. ഇപ്പോഴും വനം അതുത്തോളം ഇല്ലാത്തതുകൊണ്ടു് വനം വച്ചുപിടിപ്പിക്കാൻ ശ്രമിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ഈ ഗവണ്മെന്റു് അങ്ങനെ വനം വച്ചുപിടിപ്പിക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെയൊരു പരിപാടി ഉണ്ടു്. ഇതിനകംതന്നെ പീരുമേട്ടിൽ വളരെയധികം പ്ലാന്റേഷൻ നടന്നിട്ടുണ്ടു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: രാജ്യത്തു് മൂന്നിലൊന്നുഭാഗം വനമായിരിക്കണമെന്നു ശാസ്ത്രീയമായിട്ടുള്ള ഒരു വിധിയുണ്ടു്. ഇവിടെയാണെങ്കിൽ, 21 ലക്ഷം ഏക്കർ സർക്കാർ വനഭൂമിയും 6 ലക്ഷം ഏക്കർ പ്രൈവറ്റു വനഭൂമിയും ഉൾപ്പെടെ 27 ലക്ഷം ഏക്കറേയുള്ള. കണക്കനുസരിച്ചു് 94 ലക്ഷം ഏക്കറാണു സംരക്ഷിക്കപ്പെടേണ്ടതു്. ആ സ്ഥിതിക്കു മേലാൽ വനം പതിച്ചുകൊടുക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പൊതുവേ പതിച്ചു കൊടുക്കുന്ന നയമല്ല സ്വീകരിച്ചിരിക്കുന്നതു്. പ്രോജക്റ്റു് ഏരിയായിൽനിന്നു പോകുന്നവർക്കു് വേറെ കൊടുക്കുകമാത്രമേ ചെയ്യുന്നുള്ളൂ.

## കരിമ്പു സെസ്സു്.

* 347. [6] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിമ്പു സെസ്സിന്റെ ഒരു വലിയവിഭാഗം കരിമ്പുകൃഷി വികസനത്തിനായി വിനിയോഗിക്കണമെന്നു കേന്ദ്രഗവണ്മെന്റിൽനിന്നു സ്റ്റേറ്റു ഗവണ്മെന്റിനു നിർദ്ദേശിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരിമ്പുസെസ്സിനത്തിൽ സ്റ്റോറിൽനിന്നു പ്രതിവർഷം എത്ര തുകയാണു് ലഭിക്കുന്നതു് ;

(സി) കരിമ്പുകൃഷി വികസനത്തിനു് എത്ര തുക, എങ്ങനെ, നമ്മുടെ സ്റ്റോറിൽ വിനിയോഗിക്കുകയുണ്ടായി ?

കൃഷ്യുവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) ;

(എ) നമ്മുടെ സ്റ്റോറിൽ കരിമ്പിനു് സെസു് ചുമത്തുന്നില്ല. അതു കൊണ്ടു് കേന്ദ്രഗവണ്മെൻറിൽ നിന്നും നിർദ്ദേശം ഒന്നും ലഭിച്ചിട്ടില്ല.

(ബി) എ വകുപ്പിനു കൊടുത്തിട്ടുള്ള ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് ചുവടെ ചേർത്തിരിക്കുന്ന 8 കരിമ്പുകൃഷി വികസന പദ്ധതികൾക്കായി 1962 ഡിസംബർ വരെക്കു 5,00,495 രൂപ ചെലവായിട്ടുണ്ടു്.

1. വിത്തുവിതരണവും വിത്തുൽപാദനകേന്ദ്രങ്ങളുടെ സ്ഥാപനവും.
2. സസ്യസംരക്ഷണ നടപടികൾ.
3. മാതൃകാകരിമ്പു കൃഷി കേന്ദ്രങ്ങൾ.
4. വിളവു മത്സരം.
5. പദ്ധതി പ്രചരണം.
6. ഭരണപരമായ ചെലവുകൾ.
7. പഞ്ചസാര ഫാക്ടറി പരിസരങ്ങളിലെ റോഡു് നന്നാക്കൽ
8. ചെറുകിടജലസേചനം,

ശ്രീ. എം. എ. ആൻറണി : കരിമ്പിനു എല്ലാ വർഷവും നവംബർ മാസം എന്നു കണക്കാക്കിയിട്ടാണു് പ്രൈസു് നിശ്ചയിക്കുന്നതു്. എന്നാൽ കേരളത്തിൽ സെപ്തംബർ മാസം മുതൽ ദാരാണു് വില ഉയർന്നു നിൽക്കുന്നതു്. അതു കാരണം വലിയ വ്യത്യാസം ഇതിൻെറ കണക്കു കൂട്ടലിൽ വരുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : അടുത്തകാലത്തു് ഇതു സംബന്ധിച്ചു ഒരു പരാതി ലഭിച്ചു. അതു പരിശോധിച്ചു ഇനി എന്തു ചെയ്യാൻ കഴിയുമെന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ ; കരിമ്പുകൃഷിയുടെ പ്രൊഡക്ഷൻ വർദ്ധിപ്പിക്കുവാനും ഉയർന്നതരം സ്റ്റേയിൻസു് ഉപയോഗിക്കുവാനും വേണ്ടി ഇവിടെ ഒരു റിസർച്ചു സ്റ്റേഷൻ ഉണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : ഒരു റിസർച്ചു സ്റ്റേഷൻ ഉണ്ടു്. ഈ റിസർച്ചുസ്റ്റേഷനിൽ കോയമ്പത്തൂർ വെറൈറ്റിനല്ലതാണോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : എവിടെയാണു് ഈ റിസർച്ചു സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളതു് ?

ശ്രീ. ഈ. പി. പൗലോസു് : ഇപ്പോഴത്തെ റിസർച്ചു സ്റ്റേഷൻ മദ്ധ്യതിരുവിതാംകൂറിലാണു്.

## മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയ പണികൾ.

* 348. [7] ശ്രീ. പി. ആർ. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാംപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന പൊതുമരാമത്തു പണികളിൽ ഏതെങ്കിലും നാഷണൽ എമർജൻസിയുടെ പേരിൽ വെട്ടിക്കുറച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly